# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.1054 | 12/07/2016 -ൽ മറുപടിയ്ക്ക്

## പച്ചക്കറി കൃഷി വികസിപ്പിക്കുന്നതിനായി പദ്ധതികൾ

**ചോദ്യം**

**ശ്രീ.എ. പ്രദീപ്കുമാർ**
**,, സി.കെ. ഹരീന്ദ്രൻ**
**,, കെ.ഡി. പ്രസേനൻ**
**,, പി. ഉണ്ണി**

എ) സംസ്ഥാനത്ത് വേണ്ട പച്ചക്കറികളിൽ നല്ലൊരു പങ്ക് മറ്റ സംസ്ഥാനങ്ങളിൽ നിന്നും രാസവസ്തുക്കൾ തളിച്ചുകൊണ്ടു വരുന്നവയാണെന്നത് കണക്കി-ലെടുത്ത് പച്ചക്കറി കൃഷി വികസിപ്പിക്കുന്നതിനായി ഊർജ്ജിത പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

**മറുപടി**

**ശ്രീ. വി.എസ്.സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

എ) മറ്റ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പച്ചക്കറികൾ രാസവസ്തുക്കൾ തളിച്ച കൊണ്ടു വരുന്നവയാണെന്നതുകണക്കിലെടുത്ത് അന്യ സംസ്ഥാനങ്ങളിൽ നിന്നു വരുന്ന പച്ചക്കറിയുടെ തോത് പരമാവധി കുറച്ച് വിഷവിമുക്തമായ പച്ചക്കറികൾ സംസ്ഥാനത്ത് തന്നെ ഉല്പാദിപ്പിച്ച് പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തതയിലേക്ക് എത്തുക എന്ന ലക്ഷ്യത്തോടെ സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിനായി ജൈവരീതിയിലുള്ള (പി.ജി.എസ്) പച്ചക്കറികൃഷി വ്യാപിപ്പിക്കുകയും, പച്ചക്കറികൾക്ക് ജൈവ ഉല്പാദന ബോണസ്സ് നല്കുക, ഹൈബ്രിഡ് പച്ചക്കറി തൈകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുക, കിഴങ്ങ് വർഗ്ഗവിളകളുടെ കൃഷി പ്രോത്സാഹിപ്പിക്കുക, പച്ചക്കറി, വാഴ എന്നിവയ്ക്കുള്ള ഇൻഷൂറൻസ് പരിരക്ഷ സബ്സിഡിയോടുകൂടി നടപ്പിലാക്കുക, പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന വിളനാശത്തിന് നഷ്ടപരിഹാരം നല്കുക,

നൂതന സാങ്കേതിക വിദ്യകൾ വ്യാപിപ്പിക്കുക എന്നിവ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ വഴി നടപ്പിലാക്കിവരുന്നു. മേല്പറഞ്ഞ കൃഷി രീതികളിലെല്ലാം തന്നെ ജൈവരീതിയിൽ വിഷവിമുക്തമായി പച്ചക്കറി കൃഷി ചെയ്യുന്നതിന് കർഷകർക്ക് പരിശീലനവും അവബോധവും നല്കി വരുന്നു. സംസ്ഥാനത്ത് ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കീടനാശിനികളുടെ ഉപയോഗം കുറക്കുന്നതിനും വേണ്ടിയുള്ള വിവിധ നടപടികൾ കൃഷി വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. കീടനാശിനികളുടെ വിതരണവും, വിൽപനയും കർശനമായി നിരീക്ഷിക്കുന്നതിനും, നിയന്ത്രിക്കുന്നതിനും, ഗുണനിലവാരം ഉറപ്പാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വില്പന വർദ്ധിപ്പിക്കുന്നതിനായി കീടനാശിനി കമ്പനികൾ നടത്തുന്ന പ്രവർത്തനങ്ങൾ കർശനമായി നിയന്ത്രിക്കുന്നതാണ്.

ബി) പച്ചക്കറി കൃഷികളിൽ ഏർപ്പെടുന്ന സംഘങ്ങൾക്ക് കൃഷിയ്ക്കും ഉൽപ്പന്നങ്ങളുടെ വിപണനത്തിനും സാമ്പത്തിക സാങ്കേതിക സഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

ബി) പച്ചക്കറി കൃഷിയിൽ ഏർപ്പെടുന്നവർക്ക് സാമ്പത്തിക സാങ്കേതിക സഹായം വിവിധ സർക്കാർ ഏജൻസികൾ വഴി നൽകുന്നതാണ്. ജില്ലാ ക്ലസ്റ്ററുകൾ എന്ന പേരിൽ കുറഞ്ഞത് 5 ഹെക്ടറിൽ പച്ചക്കറി കൃഷി ചെയ്യുന്ന 800 സംഘങ്ങൾക്ക് സാമ്പത്തിക സാങ്കേതിക സഹായം നൽകുന്നതാണ്. കൂടാതെ 800 ക്ലസ്റ്ററുകൾക്ക് ഹെക്ടറൊന്നിന് 15000 രൂപ

നിരക്കിൽ ധനസഹായം നൽകും. ക്ലസ്റ്ററുകളിൽ പമ്പ് സെറ്റുകൾ വാങ്ങുന്നതിന് പമ്പ് സെറ്റൊന്നിന് 10000 രൂപ നിരക്കിൽ സഹായധനം നൽകി 1600 പമ്പ് സെറ്റുകൾ സ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സസ്യ സംരക്ഷണ ഉപാധികൾ വാങ്ങുന്നതിന് യൂണിറ്റൊന്നിന് 1500 രൂപ നിരക്കിൽ സഹായധനം നൽകി 1600 യൂണിറ്റുകൾ നൽകുന്നുണ്ട്. ക്ലസ്റ്ററുകളുടെ പ്രവർത്തനങ്ങൾക്കായി 2000 രൂപ വീതം ഹരിത ഫണ്ട് എന്ന പേരിൽ നൽകുന്നതാണ്. അതുപോലെ ക്ലസ്റ്ററുകളിൽ നൂതനവും ജൈവവുമായ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഇന്നവേഷൻ ഫണ്ട് എന്ന പേരിൽ ആവശ്യമായ തുക വകയിരുത്തുന്നതാണ്. സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുന്ന കർഷകരുടെ പച്ചക്കറി ഉല്പന്നങ്ങൾ സംഭരിച്ച് വിപണനം ചെയ്യുന്നതിനായി ബ്ലോക്ക് തലത്തിൽ 26 സമിതികളും രൂപീകരിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| സി) | തരിശിട്ടിരിക്കുന്ന ഭൂമി പാട്ടത്തിന് എടുത്ത് കൃഷി ചെയ്യുന്ന കർഷകർക്ക് പ്രോത്സാഹനം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് അറിയിക്കാമോ? | സി) | 2016-17 സമ്പത്തിക വർഷത്തിൽ പച്ചക്കറി കൃഷിയ്ക്ക് അനുയോജ്യമായ 700 ഹെക്ടർ തരിശു നിലത്ത് പച്ചക്കറി കൃഷി ചെയ്യുന്നതിന് 210 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഒരു ഹെക്ടറിൽ കൃഷി ചെയ്യുന്നതിന് ഭൂഉടമയ്ക്ക് 5000 രൂപയും കൃഷി ചെയ്യുന്ന ആളിന് 25000 |

രൂപയും സഹായമായി നൽകുന്നു. പദ്ധതി നടപ്പിലാക്കാൻ ആവശ്യമായ പ്രവർത്തന നിർദ്ദേശങ്ങൾക്ക് ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ട്.

S. [signature]

**സെക്ഷൻ ഓഫീസർ**